15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2968 | 28-02-2023 - ൽ മറുപടിയ്ക്ക്

## മലപ്പുറം മണ്ഡലത്തിലെ ജലനിധി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലനിധി ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | • **മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ ഭരണാനുമതി നൽകിയ കണ്ടാപ്പിക്കുന്ന് എന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2022-23 വർഷത്തിൽ ഭരണാനുമതി നൽകിയ പാറക്കുണ്ടിൽമുക്ക്, കുറുക്കൻ കുന്ന്, പാറപ്പുറം, കോളർകുന്ന് എന്നീ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.**<br>• **മൊറയൂർ ഗ്രാമ പഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ ഭരണാനുമതി നൽകിയ കീരങ്ങാട്ടുതൊടി എന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.**<br>• **പുൽപ്പറ്റ ഗ്രാമ പഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ ഭരണാനുമതി നൽകിയ പഞ്ചമി, വെട്ടുവക്കുണ്ട്, വരിക്കക്കാട്, എന്നീ ജലനിധി കുടിവെള്ള വിതരണ പദ്ധതികളുടെയും, വരിക്കക്കാട് ചെറിയ കുടിവെള്ള പദ്ധതിയുടെയും പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മാറാണി ചെമ്മലമുക്ക് ചെറിയ കുടിവെള്ള പദ്ധതിയുടെ ക്വട്ടേഷൻ നടപടികൾ** |

| | | | |
|---|---|---|---|
| | | | **പൂർത്തീകരിച്ചു. കൂടാതെ പള്ളിപ്പടി എന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ കരാർ ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ജലനിധി പദ്ധതികൾക്കായി അനുവദിച്ച തുകയും പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | **അനുബന്ധമായി ചേർക്കുന്നു.** |
| (സി) | വേനൽ രൂക്ഷമാകുന്ന സാഹചര്യത്തിൽ മലപ്പുറം മണ്ഡലത്തിലെ ജലനിധി പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നപടികൾ സ്വീകരിക്കുമോ? | (സി) | **2023 മാർച്ച് 31 ഓടുകൂടി മേൽ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ജലനിധി പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവർത്തന പുരോഗതിയും

| ക്രമ നം. | വർഷം | പഞ്ചായത്ത് | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 2021-22 | പൂക്കോട്ടൂർ | കണ്ടാപ്പിക്കുന്ന് | 400000 | പൂർത്തീകരിച്ചു. |
| 2 | 2022-23 | പൂക്കോട്ടൂർ | പാറക്കണ്ടിൽമുക്ക് | 1144424 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3 | 2022-23 | പൂക്കോട്ടൂർ | കുറുക്കൻ കുന്ന് | 934000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 4 | 2022-23 | പൂക്കോട്ടൂർ | പാറപ്പുറം | 350000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | 2022-23 | പൂക്കോട്ടൂർ | കോളർകുന്ന് | 1730000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 6 | 2021-22 | മൊറയൂർ | കീരങ്ങാട്ടുതൊടി | 726025 | പൂർത്തീകരിച്ചു. |
| 7 | 2022-23 | പുൽപ്പറ്റ | പഞ്ചമി | 875000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 8 | 2022-23 | പുൽപ്പറ്റ | പള്ളിപ്പടി | 1092000 | കരാർ ഒപ്പുവെച്ചു. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| 9 | 2022-23 | പുൽപ്പറ്റ | വെട്ടുവക്കണ്ട് | 1212000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 10 | 2022-23 | പുൽപ്പറ്റ | വരിക്കക്കാട് | 303000 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 11 | 2022-23 | പുൽപ്പറ്റ | മാറാണി ചെമ്മലമുക്ക് | 900000 | ക്വട്ടേഷൻ ഓപ്പൺ ചെയ്തു. കരാർ ഒപ്പുവെച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ